ഉത്തരം

(എ, ബി, സി & ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മന്ത്രിമാരുടെ അതിഥികളായി താമസിച്ച വിദേശ പൗരൻമാർ

113 [114] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ മന്ത്രിയും എത്രരൂപാ വീതം അതിഥി സൽക്കാരത്തിനുവേണ്ടി വിനിയോഗിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) വിദേശ പൗരന്മാർ മന്ത്രിമാരുടെ അതിഥികളായി സംസ്ഥാനത്ത് താമസിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതൊക്കെ മന്ത്രിമാരുടെ അതിഥികളായിട്ടാണ് ഇവർ താമസിച്ചിരുന്നത് എന്നും വ്യക്തമാക്കുമോ;

(സി) ഔദ്യോഗിക സന്ദർശനത്തിനല്ലാതെ ഏതെങ്കിലും വിദേശപൗരന്മാർ മന്ത്രിമാരുടെ അതിഥികളായി സംസ്ഥാനത്ത് താമസിച്ചിട്ടുണ്ടോ; എങ്കിൽ അവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി & സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

തിരുവനന്തപുരം വിമാനത്താവള വികസനം

114 [115] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിമാനത്താവളത്തിന്റെ ആധുനികവൽക്കരണത്തിനും വികസനത്തിനുമായി അംഗീകരിക്കപ്പെട്ടിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) വിമാനത്താവള വികസനം വൈകുന്നതിനുള്ള കാരണങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(സി) പുതിയ ടെർമിനൽ നിർമ്മാണം പൂർത്തിയാക്കുന്നത് സംബന്ധിച്ച് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ സമയ പരിധി നിശ്ചയിച്ച് അറിയിച്ചിട്ടുണ്ടോ;

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[19-1-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 113 (114)-ന്റെ ഉത്തരം ദയവായി കാണുക]

മന്ത്രിമാരുടെ അതിഥി സൽക്കാര ചെലവ് സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

ക്രമ സംഖ്യ			രൂപ	പൈസ
1.	മുഖ്യമന്ത്രി		1,60,596.75	
2.	തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി		1,08,236.25	
3.	തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി		99,868.79	
4.	ഗതാഗത വകുപ്പ് മന്ത്രി	മുൻ	34,695.75	
		ഇപ്പോഴത്തെ	291.00	
5.	കൃഷിയും കയറും വകുപ്പ് മന്ത്രി		69,640.25	
6.	ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി		1,07,028.00	
7.	ജലവിഭവ വകുപ്പ് മന്ത്രി		70,702.00	
8.	ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പ് മന്ത്രി		58,125.50	
9.	വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി		50,828.75	
10.	പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പ് മന്ത്രി		1,01,774.00	
11.	റവന്യൂവും നിയമവും വകുപ്പ് മന്ത്രി		73,867.75	
12.	മരാമത്ത് വകുപ്പ് മന്ത്രി		82,188.75	
13.	സഹകരണവും തുറമുഖവും വകുപ്പ് മന്ത്രി		97,687.25	
14.	ആരോഗ്യ വകുപ്പ് മന്ത്രി		76,925.50	
15.	ധനകാര്യവും എക്സൈസും വകുപ്പ് മന്ത്രി		1,30,542.25	
16.	വിദ്യുച്ഛക്തി വകുപ്പ് മന്ത്രി		1,15,863.25	
17.	വിദ്യാഭ്യാസ വകുപ്പ് മന്ത്രി		97,156.50	
18.	വനവും സ്പോർട്സും വകുപ്പ് മന്ത്രി		97,374.00	
19.	ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി		24,001.75	
20.	ഫിഷറീസും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി		76,114.25	

LIBRARY ARCHIVES Kerala Legislative Assembly